


# PRIME NEWS ANALYSIS

Malayalam

**ACHARYA**
An influential mentor

www.acharyainfo.com AcharyaIAS.Academy

# യുഎൻ സുരക്ഷാ കൗൺസിൽ പരിഷ്കരണം

ഐക്യരാഷ്ട്രസഭയിൽ അടിസ്ഥാനപരമായ പരിഷ്കാരങ്ങളെ കുറിച്ചുള്ള ചർച്ചകൾ ആരംഭിച്ചിട്ട് മൂന്ന് പതിറ്റാണ്ടിലേറെയായി. ഈ വിഷയം വീണ്ടും ഐക്യരാഷ്ട്രസഭാ തലങ്ങളിൽ ഉയർന്നു വന്നിട്ടുണ്ട്.

## യുണൈറ്റഡ് നേഷൻസ് സെക്യൂരിറ്റി കൗൺസിൽ (UNSC)

- യു എന്നിന്റെ ആറ് പ്രധാന ഘടകങ്ങളിൽ ഒന്നായ ഇത് അന്താരാഷ്ട്ര സമാധാനവും സുരക്ഷയും നിലനിർത്താൻ ലക്ഷ്യമിടുന്നു.

- 1946 ജനുവരി 17ന് ലണ്ടനിലെ വെസ്റ്റ് മിൻസ്റ്ററിൽ UNSC യുടെ ആദ്യ സമ്മേളനം നടന്നു.

- ന്യൂയോർക്ക് സിറ്റിയാണ് ഇതിൻറെ ആസ്ഥാനം. ജനറൽ കൗൺസിലിൽ 15 അംഗങ്ങൾ ഉണ്ടായിരിക്കും. ചൈന, ഫ്രാൻസ്, റഷ്യ ,യുകെ ,യു.എസ് എന്നിവരാണ് വീറ്റോ അധികാരമുള്ള സ്ഥിര അംഗങ്ങൾ . ഓരോ വർഷവും ജനറൽ അസംബ്ലി രണ്ടു വർഷത്തേക്ക് താൽക്കാലിക അംഗങ്ങളെ തിരഞ്ഞെടുക്കുന്നു.

## യു എൻ പരിഷ്കാരത്തിന്റെ ആവശ്യകത.

- 1945-ൽ യു.എൻ സ്ഥാപിതമായപ്പോൾ 51 അംഗരാജ്യങ്ങളിൽ 11 സുരക്ഷാ കൗൺസിൽ അംഗങ്ങൾ ഉണ്ടായിരുന്നു. ഇപ്പോൾ 193 അംഗരാജ്യങ്ങൾ ഉണ്ട്. എന്നാൽ കൗൺസിലിൽ 15 അംഗങ്ങൾ മാത്രം. അതിനാൽ പല രാജ്യങ്ങൾക്കും വേണ്ടത്ര പ്രാതിനിധ്യം കിട്ടുന്നില്ല.

- 5 സ്ഥിരംഗങ്ങൾ വർഷങ്ങളായി അവരുടെ സ്ഥാനം തുടർന്നുകൊണ്ടിരിക്കുകയാണ്. കൗൺസിൽ പ്രമേയത്തിനോ തീരുമാനത്തിനോ മേലുള്ള വീറ്റോ അധികാരം ഈ അഞ്ചു രാജ്യങ്ങൾ പതിറ്റാണ്ടുകളായി കൈവശം വെച്ചിരിക്കുന്നത് വിമർശനങ്ങൾ വരാൻ കാരണമായിട്ടുണ്ട്.

ACHARYA
An influential mentor

- സ്ഥിരാംഗങ്ങൾ അല്ലാത്തവരും ഐക്യരാഷ്ട്രസഭയിൽ നല്ല രീതിയിൽ സംഭാവന നൽകുന്നുണ്ട് . ഉദാഹരണത്തിന് ജപ്പാനും ജർമ്മനിയും ദശാബ്ദങ്ങളായി ഐക്യരാഷ്ട്രസഭയിൽ ഏറ്റവും വലിയ രണ്ടാമത്തെയും മൂന്നാമത്തെയും സംഭാവന ചെയ്യുന്ന രാജ്യങ്ങളാണ്.

- സംഘർഷങ്ങളെ പൂർണ്ണമായും നിയന്ത്രിക്കാൻ സുരക്ഷാസമിതി അംഗങ്ങൾക്ക് സാധിക്കുന്നില്ല. സുഡാൻ, സിറിയ, മ്യാന്മാർ തുടങ്ങിയ രാജ്യങ്ങളിലെ സംഘർഷങ്ങൾ കൃത്യമായി പരിഹരിക്കപ്പെടാതെ തുടർന്നുകൊണ്ടിരിക്കുന്നു. ചില രാജ്യങ്ങൾ സംഘർഷാവസ്ഥ മുതലെടുത്ത് ആയുധങ്ങൾ വിൽക്കുകയും ഇന്ധനം നൽകുകയും പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുകയും ചെയ്യുന്നു.

- റഷ്യൻ - യുക്രൈൻ യുദ്ധത്തിൽ ഐക്യരാഷ്ട്രസഭക്ക് നടപടിയെടുക്കാൻ സാധിക്കാത്തത് റഷ്യയുടെ വീറ്റോ അധികാരം കാരണമാണ് .സുരക്ഷാസമിതിയിലെ പ്രമേയങ്ങൾ റഷ്യ സ്ഥിരമായി വീറ്റോ ചെയ്യുന്നു

- ജനസംഖ്യയുടെ വലുപ്പം, ലോക സമ്പദ് വ്യവസ്ഥയിലെ, സാന്നിധ്യം ഐക്യരാഷ്ട്രസഭയ്ക്കുള്ള സംഭാവനകൾ തുടങ്ങിയവ പരിഗണിച്ച് ഇന്ത്യ ഐക്യരാഷ്ട്രസഭ സുരക്ഷാസമിതിയിൽ അംഗത്വം ആവശ്യപ്പെടുന്നുണ്ട്. എന്നാൽ ഇത് കാര്യമായി പരിഗണിക്കപ്പെടുന്നില്ല.

ACHARYA
An influential mentor

## യു എൻ പരിഷ്കാരങ്ങളുടെ വെല്ലുവിളികൾ.

- സുരക്ഷാസമിതിയിൽ അംഗത്വം ലഭിക്കില്ല എന്ന് ഉറപ്പുള്ള ചെറിയ രാജ്യങ്ങൾ ഇത്തരത്തിലുള്ള പരിഷ്കരണത്തിനായി വാദിക്കുന്നില്ല.

- യു.എൻ ചാർട്ടർ ഭേദഗതി ചെയ്യുന്നതിനുള്ള തടസ്സം.

- ഏതൊരു ഭേദഗതിക്കും മൊത്തത്തിലുള്ള അംഗത്തിന്റെ മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമാണ്. അതിനാൽ പൊതുസഭയിൽ പാസാക്കാൻ ഉള്ള സാധ്യത കുറവാണ്. ഐക്യരാഷ്ട്രസഭയുടെ തുടക്ക സമയത്തുള്ള സ്ഥിതിവിശേഷം അല്ല നിലവിലുള്ളത്. അതിനാൽ തന്നെ കാലഘട്ടത്തിനനുസരിച്ച് സുരക്ഷാസമിതിയിൽ മാറ്റം കൊണ്ടുവരേണ്ടതാണ്.